# AUPS PADINHARATHARA




# ACADEMIC MASTER PLAN 2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

## എ. യു. പി. സ്കൂൾ പടിഞ്ഞാറത്തറ

# ആമുഖം

വയനാട് ജില്ലയിൽ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ ഗ്രാമീണരായ ജനതയുടെ വിദ്യ സ്വപ്ന സാക്ഷാത്കാരത്തിന്റെ സാക്ഷ്യപത്രമായ പരില്ലസിക്കുന്ന സരസ്വതി ക്ഷേത്രം ആണ് പടിഞ്ഞാറത്തറ എ. യു. പി സ്കൂൾ. 1954 ൽ ഹരിശ്രീ കുറിച്ച ഈ വിദ്യാപീഠത്തിന്റെ സ്ഥാപകൻ പരേതനായ ടി. കേശവൻ നായർ ആയിരുന്നു. തുടർന്ന് പരേതയായ മാധവിയമ്മ എന്നിവരുടെ കരങ്ങളിൽ പ്രവർത്തനനിരതമായ ഈ വിദ്യാലയം (വിദ്യാകേന്ദ്രം) ഇന്ന് വൈത്തിരി ഉപജില്ലയിലെ ഏറ്റവും വലിയ അപ്പർ പ്രൈമറി വിദ്യാലയമായി നിലകൊള്ളുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്നുള്ള വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും അക്കാദമികേതര രംഗത്തും ഒരുപോലെ മികവ് പുലർത്താൻ സ്കൂളിന് ഇന്നും കഴിയുന്നു. യു.എസ്.എസ് ഉൾപ്പെടെ സ്കോളർഷിപ്പ് പരീക്ഷകളിൽ ഏറ്റവും കൂടുതൽ കുട്ടികൾക്ക് അർഹത നേടിക്കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്നത് അക്കാദമികരംഗത്തെ മികവിന് മാറ്റുകൂട്ടുന്നു. 2024-25 അധ്യയന വർഷത്തിൽ 23 യു.എസ്.എസ് കരസ്ഥമാക്കി വൈത്തിരി ഉപജില്ലയിൽ ഒന്നാം സ്ഥാനം നിലനിർത്തി. ചിട്ടയായ ആസൂത്രണവും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളും അക്കാദമിക മികവ് കൂട്ടുന്നതിന് സഹായകരമായി . മലയാളം മാധ്യമത്തിനൊപ്പം ഇംഗ്ലീഷ് മാധ്യമ പഠനവും ഇന്ന് ഈ സ്കൂളിൽ ലഭ്യമാണ്. വിദ്യാലയം സമൂഹത്തിന്റെ പൊതുസ്വത്താണെന്നും വിദ്യാഭ്യാസം ഒരു സാമൂഹിക ഉത്തരവാദിത്തമാണെന്നും അത് സമൂഹത്തെ ബോധ്യപ്പെടുത്തുന്നതാണെന്നും മനസ്സിലാക്കുന്നു.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരം ആണെന്ന് വിലയിരുത്തിക്കൊണ്ട് കൂടുതൽ മികവോടെ മുന്നോട്ടു നയിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നുള്ള ലക്ഷ്യത്തോടെ ആണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

നമ്മുടെ കൂട്ടായ പ്രവർത്തനത്തിലൂടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമായി മാറ്റുവാനും ലക്ഷ്യബോധമുള്ള പുതുതലമുറകൾ സൃഷ്ടിക്കുവാനും കഴിയുമെന്ന് പ്രതീക്ഷിക്കട്ടെ.

1954-ൽ സ്ഥാപിതമായ പടിഞ്ഞാറത്തറ എ.യു.പി സ്കൂൾ പടിഞ്ഞാറത്തറയുടെ അക്ഷരജ്ഞാനത്തെ മുന്നോട്ടു നയിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. നീണ്ട 72 വർഷത്തെ പ്രയാണത്തിൽ വൈത്തിരി ഉപജില്ലയിലെ ഏറ്റവും വലിയ അപ്പർ പ്രൈമറി വിദ്യാലയം ആകാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞു.ഈ വർഷം 667 കുട്ടികൾ 5, 6, 7 ക്ലാസുകളിൽ 18 ഡിവിഷനുകളിലായി പഠിക്കുന്നു. അതിൽ 7 ഇംഗ്ലീഷ് മീഡിയം ക്ലാസുകളും 11 മലയാളം മീഡിയം ക്ലാസുകളും ആണ് ഉള്ളത്. അതിൽ 84 കുട്ടികൾ എസ് ടി വിഭാഗത്തിലും 33 കുട്ടികൾ എസ് സി വിഭാഗത്തിലും ഉള്ളവരാണ്. ഇവിടെ പഠിക്കുന്ന ഭൂരിഭാഗം കുട്ടികളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ്. 23 അധ്യാപകരും നോൺ ടീച്ചിംഗ് സ്റ്റാഫും ആണ് ഈ വിദ്യാലയത്തിൽ ഉള്ളത്. 3000 പുസ്തകങ്ങൾ അടങ്ങിയ ലൈബ്രറി, വിശാലമായ കളിസ്ഥലം എന്നിവ ഈ വിദ്യാലയത്തിന് ഉണ്ട്. കുട്ടികളിലെ കമ്പ്യൂട്ടർ പഠനം കാര്യക്ഷമമാക്കാൻ കമ്പ്യൂട്ടർ ലാബും ഈ വിദ്യാലയത്തിൽ ഉണ്ട്. കുട്ടികൾക്ക് ആവശ്യമായ ശുചിമുറി ഉണ്ടെങ്കിലും എണ്ണത്തിനനുസരിച്ച് ഇല്ല . ഇപ്പോൾ ഒരു പാചകപ്പുരയും നമ്മുടെ വിദ്യാലയത്തിനുണ്ട്.

# സന്ദേശം

നമ്മുടെ യാത്ര ഇന്നിൽനിന്നും നാളെകളിലേക്ക് ആണ്. യാത്രയിലെ ഓരോ ചുവടുവെപ്പും പുത്തൻ പ്രതീക്ഷകളിലേക്കാണ്. പുതിയ അറിവുകളും അനുഭവങ്ങളും നവദർശനങ്ങളും അറിഞ്ഞുകൊണ്ടും ആവാഹിച്ചുകൊണ്ടുമായിരിക്കണം നാം നടക്കേണ്ടത്. പഠനപഠനേതര പ്രവർത്തനങ്ങളെ പോഷിപ്പിച്ചും തനത് പ്രവർത്തനങ്ങൾ ഏറ്റെടുത്തും കാര്യക്ഷമത നിറച്ചും ഗുണമേന്മ കാത്തുസൂക്ഷിച്ചും ആണ് വിജയഗാഥകൾ തീർക്കപ്പെടുന്നത്.

ഭൗതികസാഹചര്യങ്ങൾ ഒരുക്കിയും അക്കാദമിക മേഖലകൾ ശാക്തികരിച്ചും പൊതുജന പങ്കാളിത്തത്തിൽ പുത്തൻ മാതൃകകൾ തീർത്ത് വിദ്യാലയത്തിന്റെ മാസ്റ്റർ പ്ലാൻ പങ്കുവെക്കലിന്റെയും വിലയിരുത്തലിന്റെയും ഉദ്യമത്തിന് എല്ലാ നന്മകളും നേരുന്നതോടൊപ്പം ദൗർബല്യങ്ങളെ തിരിച്ചറിഞ്ഞ് വരും വർഷങ്ങളിൽ മികവാർന്ന പ്രവർത്തനങ്ങളുടെ നേർക്കാഴ്ചകൾക്കായി ഭവിക്കട്ടെ എന്ന് ആശംസിക്കുന്നു.

അനില എസ്
പ്രധാന അധ്യാപിക
എ.യു.പി. സ്കൂൾ പടിഞ്ഞാറത്തറ

# സന്ദേശം

വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായി മാറിയ കാലഘട്ടം. ഓരോ കുട്ടിയും ഓരോ യൂണിറ്റ് ആയി പരിഗണിക്കപ്പെടുന്ന മികവിന്റെ അടയാളമായി വിദ്യാഭ്യാസ ലക്ഷ്യസാക്ഷാത്കാരത്തിനായി വിദ്യാലയം മുന്നോട്ട് വെക്കുന്ന ഈ മാസ്റ്റർ പ്ലാൻ ഒത്തൊരുമയുടെ പ്രവർത്തനങ്ങൾക്ക് കരുത്തും വിദ്യാലയത്തിന് മികവും നാളെയുടെ വാഗ്ദാനങ്ങളെ പരിപോഷിപ്പിച്ച് അതിലൂടെ പ്രദേശത്തിന് പേരും പെരുമയും നിറഞ്ഞ നിൽക്കുന്ന നാളുകൾ സൃഷ്ടിക്കുന്നതിനുള്ള ഒരു മാർഗ്ഗരേഖ ആവട്ടെ എന്ന് ആശംസിച്ചുകൊണ്ട് വിദ്യാലയ പ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

പി ടി എ പ്രസിഡണ്ട്
എ.യു.പി. സ്കൂൾ പടിഞ്ഞാറത്തറ

# SCHOOL PERFORMA VYTHIRI SUB DISTRICT WAYANAD

1.വിദ്യാലയത്തിന്റെ പേര് - എ.യു.പി.എസ്പടിഞ്ഞാറത്തറ
2. സ്കൂൾ കോഡ് - 15253
3. ഉപജില്ല - വൈത്തിരി
4. വിദ്യാഭ്യാസ ജില്ല - വയനാട്
5. ബി.ആർ.സി - വൈത്തിരി
6. ഗ്രാമപഞ്ചായത്ത് - പടിഞ്ഞാറത്തറ
7. പിൻകോഡ് - 673575
8. സ്കൂൾ കാറ്റഗറി - അപ്പർ പ്രൈമറി
9. സ്കൂൾ മാനേജ്മെന്റ് - എയ്ഡഡ് സ്കൂൾ
10. താലൂക്ക് - വൈത്തിരി
11. ഇ-മെയിൽ - aupspthara@gmail.com
12.സ്കൂൾ വിക്കി - 15253

## STUDENT DATA

| STD | All Communities | | |
|---|---|---|---|
| | Boys | Girls | Total |
| 5 | 96 | 88 | 184 |
| 6 | 119 | 104 | 223 |
| 7 | 127 | 133 | 260 |
| **Total** | **342** | **325** | **667** |

# കർമ്മ പദ്ധതി

| നമ്പർ | പദ്ധതി | പദ്ധതി വിശദീകരണം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | കേന്ദ്രീകൃത യോഗം | അധ്യാപക രക്ഷാകർതൃസമിതിയുടെ സംയുക്ത യോഗം | മെയ് | പ്രധാന അധ്യാപിക |
| 2 | ഭവന സന്ദർശനം | എല്ലാ വീടുകളും സന്ദർശിക്കുക | ജൂൺ | അധ്യാപകൻ |
| 3 | പഠിതാവിന്റെ പഠനരേഖ | പഠന നിലവാര രേഖ തയ്യാറാക്കൽ | ജൂലൈ | അധ്യാപകൻ |
| 4 | ക്ലാസ് പി.ടി.എ | ക്ലാസ് തലത്തിൽ പി.ടി.എ യോഗം ചേരൽ | ആവശ്യാനു സരണം | പ്രധാന അധ്യാപിക |
| 5 | കേന്ദ്രീകൃത പുനർ സംഗമം | പ്രവർത്തനങ്ങളുടെ അവലോകനം | ആഗസ്റ്റ് | അധ്യാപകർ പി.ടി.എ |
| 6 | കമ്പ്യൂട്ടർ പരിശീലനം | മുഴുവൻ കുട്ടികൾക്കും കമ്പ്യൂട്ടർ പരിശീലനം | സമയക്രമം അനുസരിച്ച് | ക്ലാസ് അധ്യാപകൻ |
| 7 | പതിപ്പുകൾ | മുഴുവൻ കുട്ടികളുടെയും സൃഷ്ടി കൾ ഉൾപ്പെടുത്തി | സെപ്തംബർ | ക്ലാസ് അധ്യാപകൻ |
| 8 | മേളകൾ | മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉൾപ്പെടുത്തി | സമയക്രമം അനുസരിച്ച് | അധ്യാപകർ രക്ഷിതാക്കൾ |
| 9 | ശുചീകരണം | ക്ലാസ്സും പരിസരവും ശുചീകരിക്കൽ | ദ്വൈവാരം | പ്രധാന അധ്യാപിക അദ്ധ്യാപകർ |
| 10 | വിലയിരുത്തൽ | പഠനവും പഠന പ്രവർത്തനങ്ങളും വിലയിരുത്തുക | ജനുവരി | എച്ച്.എം എസ്.ആർ.ജി പി.ടി.എ |
| 11 | പഠനയാത്ര | മുഴുവൻ കുട്ടികളെ ഉൾപ്പെടുത്തി | ജനുവരി | അധ്യാപകർ പി.ടി.എ |
| 12 | വാർഷികം | എല്ലാ പഠിതാക്കളുടെയും പങ്കാളിത്തം | ഫെബ്രുവരി | അധ്യാപകർ പി.ടി.എ |

# ഈ വിദ്യാലയത്തിലെ അധ്യാപകർ

| ക്രമ നം | പേര് | തസ്തിക |
|---|---|---|
| 1. | അനില എസ് | ഹെഡ്മിസ്ട്രെസ്സ് |
| 2. | അനിതകുമാരി കൂർമ | യു.പി.എസ്.ടി |
| 3. | അനു പി | യു.പി.എസ്.ടി |
| 4. | ആതിര എ.പി | യു.പി.എസ്.ടി |
| 5. | ബിന്ദു എ.ഇ | യു.പി.എസ്.ടി |
| 6. | ജൻസി രവീന്ദ്രൻ | ജൂനിയർ ലാംഗ്വേജ് ഉർദു |
| 7. | ലീന എം.ടി | യു.പി.എസ്.ടി |
| 8. | ലിത ജോൺ | യു.പി.എസ്.ടി |
| 9. | പാത്തൂട്ടി എ | ജൂനിയർ ലാംഗ്വേജ് അറബി |
| 10. | രജനി കെ.ടി | യു.പി.എസ്.ടി |
| 11. | രാജീവ് എം.പി | ജൂനിയർ ലാംഗ്വേജ് സംസ്കൃതം |
| 12. | സജിത്ത് പി.ടി | ജൂനിയർ ലാംഗ്വേജ് ഹിന്ദി |
| 13. | സംഗീത എസ് | യു.പി.എസ്.ടി |
| 14. | ഷീബ എ.എം | യു.പി.എസ്.ടി |
| 15. | സുജന കെ.ടി | ജൂനിയർ ലാംഗ്വേജ് ഹിന്ദി |
| 16. | സുനിൽ വി.പി | യു.പി.എസ്.ടി |
| 17. | വിദ്യ വി.എസ് | യു.പി.എസ്.ടി |
| 18. | വിനോദ് കുമാർ പി | യു.പി.എസ്.ടി |
| 19. | വൈശാഖ് വി | യു.പി.എസ്.ടി |
| 20. | രോഹിണി കെ.ബി | യു.പി.എസ്.ടി |
| 21. | അജിത്ത് കുമാർ കെ.ടി | യു.പി.എസ്.ടി |
| 22. | ശില്പമോഹനൻ | യു.പി.എസ്.ടി |
| 23. | ദീപ്തി വി | യു.പി.എസ്.ടി |

# കാഴ്ചപ്പാട് ,ലക്ഷ്യങ്ങൾ

ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ ബന്ധപ്പെട്ട പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭിക്കുന്ന രീതിയിൽ വിദ്യാലയത്തിൽ പഠനാന്തരീക്ഷവും മികച്ച പഠന രീതികളും ഉറപ്പുവരുത്തുക.

## അക്കാദമികം

- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണ്ടുകൊണ്ട് മൊഡ്യൂൾ തയ്യാറാക്കുക.
- വിദ്യാലയ അന്തരീക്ഷവും പഠന പ്രവർത്തനങ്ങളും ആസ്വാദ്യകരമാക്കുക.
- കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുക.
- കലാകായിക പ്രവൃത്തി പരിചയ ഇനങ്ങളിൽ ആവശ്യമായ സംവിധാനം ഒരുക്കുക.
- ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ മുതലായവയുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുക.
- വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം ഉറപ്പുവരുത്തുക.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതും ആയ കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക.
- ഭാഷാശേഷി വികസനം.
- ഗണിത ശേഷി വികസനം.
- ശാസ്ത്ര പരിപോഷണ പരിപാടി.
- കായിക ശേഷി വികസനം.
- ലബോറട്ടറി നവീകരണം.
- ലൈബ്രറി ശാക്തികരണം.
- യു.എസ്.എസ് പരീക്ഷ പരിശീലനം.
- സ്കൂൾ പത്രം - മാസിക .
- സ്കൂൾ ബ്ലോഗ് - കാര്യക്ഷമമാക്കൽ.
- ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
- വിലയിരുത്തൽ, യൂണിറ്റ് ടെസ്റ്റ് മുതലായവ.
- പഠനയാത്ര.
- ക്ലാസ് പി.ടി.എ കാര്യക്ഷമമാക്കൽ.

| മേഖല **യു പി മലയാളം** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലം** |
| വർണ്ണനകൾനേരനുഭവങ്ങളെ സവിശേഷമായ വാക്യങ്ങളിലൂടെ മറ്റുള്ളവരിലേക്ക് പകർന്നു നൽകുക<br>വ്യത്യസ്ത വ്യവഹാരങ്ങളിലൂടെ ആവിഷ്കരിക്കുന്നു<br>വിവിധ സാഹിത്യ രചനകൾ വായിച്ചും കേട്ടും അവയെ അടിസ്ഥാനപ്പെടുത്തി സാഹിത്യരൂപങ്ങൾ രചിക്കുന്നു<br>അടുക്കളയെ അടുത്തറിയാൻ<br>അടുക്കളയിൽ സ്ത്രീപുരുഷ ഭേദമില്ലാത്ത സാന്നിധ്യം | **പ്രകൃതിയെ അടുത്തറിയാൻ**<br>ഫീൽഡ് ട്രിപ്പ്<br>വർണ്ണന തയ്യാറാക്കൽ<br>ചിത്രരചന മത്സരം<br>ഫോട്ടോഗ്രാഫി മത്സരം<br>ചുമർപത്രിക<br>ആസ്വാദനക്കുറിപ്പ്<br>സംഭാഷണം തയ്യാറാക്കൽ<br>കുട്ടി ഷെഫ്<br>ഫുഡ് ഫെസ്റ്റ്<br>ആത്മകഥതയ്യാറാക്കൽ<br>ഭക്ഷ്യമേള | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ് | അധ്യാപകർ<br>കുട്ടികൾ<br>രക്ഷിതാക്കൾ | പിടിഎ |
| ഭാഷാഭേദങ്ങൾ തിരിച്ചറിയുന്നത് വാക്കി വിവിധ രൂപങ്ങൾ മനസ്സിലാക്കുന്നതിന്<br>ഹാസ്യ സാഹിത്യകൃതികളെ പരിചയപ്പെടുന്നതിന് | **ഭാഷ വൈവിധ്യം**<br>സാഹിത്യ രചന<br>പാട്ട് മേള<br>കടങ്കഥ പയറ്റ്<br>കുസൃതി പതിപ്പ്<br>നിശ്ചല ദൃശ്യം | സെപ്റ്റംബർ<br>ഒക്ടോബർ | അധ്യാപകർ<br>കുട്ടികൾ<br>രക്ഷിതാക്കൾ | പിടിഎ |
| യാത്രാനുഭവങ്ങളിലൂടെ അറിവുകൾനേടുന്നു<br>സാഹിത്യകാരന്മാരെ പരിചയപ്പെടൽ | **എന്റെ സഞ്ചാരം**<br>വ്ലോഗ്തയ്യാറാക്കൽ(വ്യക്തിഗതം)<br>പഠനയാത്ര<br>യാത്രാവിവരണം തയ്യാറാക്കൽ<br>കത്ത്<br>ഡിജിറ്റൽ പോസ്റ്റർ നിർമ്മാണം<br>കൊളാഷ് നിർമ്മാണം<br>സാഹിത്യകാരന്മാരുടെ പ്രൊഫൈൽ തയ്യാറാക്കൽ | നവംബർ<br>ഡിസംബർ | അധ്യാപകർ<br>കുട്ടികൾ<br>രക്ഷിതാക്കൾ | പി ടി എ |
| നാടൻ കല, ശാസ്ത്രീയ കല എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നതിന്<br>സാഹിത്യകാരന്മാരെ പരിചയപ്പെടുത്തുക | **സാഹിത്യ ലോകം**<br>സചിത്ര നിഘണ്ടു<br>മാഗസിൻ തയ്യാറാക്കൽ<br>രംഗവേദി<br>കലാരൂപങ്ങളുടെ ശേഖരണം | ജനുവരി<br>ഫെബ്രുവരി | അധ്യാപകർ<br>കുട്ടികൾ<br>രക്ഷിതാക്കൾ | പി ടി എ |

| | | | | |
|---|---|---|---|---|
| ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം മലയാള പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐടി സാധ്യതകളിലൂടെ** പാഠഭാഗവുമായി ബന്ധപ്പെട്ടലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ ചിത്രങ്ങൾ,കഥകൾ, കവിതകൾ, വീഡിയോ, തുടങ്ങിയവ കുട്ടികളിലേക്ക് എളുപ്പത്തിൽ എത്തിക്കുവാൻകഴിയുന്നു | അക്കാദമിക് വർഷം | അധ്യാപകർ കുട്ടികൾ രക്ഷിതാക്കൾ | പി ടി എ |
| സർഗ്ഗാത്മ ശേഷികളുടെ വികസനം | **ദിനാചരണം** ജൂൺ മുതൽ മാർച്ച് വരെ ദിനാചരണവുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു നിശ്ചിത ദിനങ്ങളിൽ അവ സംഘടിപ്പിക്കുന്നു | അക്കാദമിക് വർഷം | അധ്യാപകർ കുട്ടികൾ രക്ഷിതാക്കൾ | പി ടി എ |
| എല്ലാ കുട്ടികളിലും എഴുതുവാനും വായിക്കുവാനും ഉള്ള കഴിവ് വളർത്തിയെടുക്കുന്നതിന് | **സമീക്ഷ** എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേകം പരിശീലനം നൽകുന്നു | അക്കാദമിക് വർഷം | അധ്യാപകർ കുട്ടികൾ രക്ഷിതാക്കൾ | പി ടി എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരേപോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക. രൂപപ്പെടുത്തുക യും ചെയ്യുക. | **കൈത്താങ്ങ്**<br>ടെസ്റ്റ് നടത്തി ഭാഷപഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തുന്നു അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. സ്കൂളിലെ സ്മാർട്ട് റൂമുകൾ ഉപയോഗിച്ച് ഗെയിമുകൾ, ഫ്ലാഷ് കാർഡുകൾ, നിറം നൽകാൻ പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു. ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ. | മൂന്ന് മാസം | പുസ്തകങ്ങൾ, കാർഡുകൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക, പദസമ്പത്ത് അധികരിപ്പിക്കുക | **<u>പുതിയ പദം പരിചയപ്പെടൽ</u>**<br>ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ അഞ്ച് വാക്കുകൾ കഥാ കവിതാ പുസ്തകങ്ങളിൽ നിന്നോ പ്രൊജക്ടർ സ്ക്രീനിൽ കഥ, കവിത എന്നിവ കാണിച്ചോ ശേഖരിക്കുവാൻ സാഹചര്യമൊരുക്കുന്നു. ലഘു സംഭാഷണങ്ങൾ , പാഠ ഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം, കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളികളായവർക്ക് സമ്മാനം നൽകുന്നു.<br>സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം | ജൂൺ മുതൽ മാർച്ചുവരെ | പുസ്തകങ്ങൾ, കാർഡുകൾ, സി ഡി കൾ |
| കുട്ടികളുടെ സർഗാത്മകശേഷി വർദ്ധിപ്പിക്കുക. | ചിത്രങ്ങൾ, ലഘു കവിതകൾ, കഥകൾ, സംഭാഷണം, പദപ്രശ്നം , കുറിപ്പുകൾ, വിവരണം എന്നിവ ഉൾകൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ചുവരെ | പുസ്തകങ്ങൾ, ചാർട്ടുകൾ |
| ഓരോ മാസവും കുട്ടികൾ വായനാതൽപരരാവുകയും ഭാഷ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക | മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാമത്സരം, കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു. പ്രൊജക്ടർ ഉപയോഗിച്ച് മാസത്തിലെ അവസാന പിരിയഡിൽ പാഠപുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ, പൊതുവിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു | ജൂൺ മുതൽ മാർച്ചുവരെ | ചാർട്ടുകൾ ,പുസ്തകങ്ങൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാ ആശയങ്ങളും പദങ്ങളുടെ അർത്ഥളും കുട്ടികളിലേക്ക് എത്തുക | **<u>യൂണിറ്റ് തല നിഘണ്ടു നിർമാണം</u>**<br>ഒരോ യൂണിറ്റ് തലത്തിൽ വാക്കുകൾ അർത്ഥ സഹിതം എഴുതുകയും അവസാനം പ്രിന്റ് / പിഡിഎഫ് ചെയ്ത് കുട്ടികൾക്ക് നൽകുന്നു | 6 മാസം | |
| കുട്ടികൾക്ക് കലാപരിപടികൾ അവതരിപ്പിക്കുന്നതിനും അവരുടെ ശേഷികൾ കണ്ടെത്തുന്നതിനുമായി | **<u>സ്കൂൾ റേഡിയോ</u>**<br>കഥ, പ്രസംഗം , ഗാനം , വാർത്തകൾ അവതരിപ്പിക്കുന്നു | ഒരു വർഷം | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷയിൽ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ മേഖലയിൽ കൂടുതൽ കഴിവ് വളർത്തുന്നതിന് വേണ്ടി | ***<u>അറബി ടൈപിംഗ്</u>*** അറബി ടൈപിംഗ് പരിശീലനം നൽകുന്നു. അക്ഷരങ്ങൾ , ഹർക്കത്തുകൾ എന്നിവ ടൈപ്പ് ചെയ്യുന്നത് കുട്ടികൾക്ക് പഠിപ്പിക്കുന്നു | 6 മാസം | ലാപ്പ് , കമ്പ്യൂട്ടർ , കമ്പ്യൂട്ടർ ലാബ് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നു |

| | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| | ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.<br><br>കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.<br><br>വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക.<br><br>വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.<br><br>ഭാഷ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.<br><br>സർഗ്ഗകഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക | 1. മികവിന്റെ വഴിയിൽ<br>▶ പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br>▶ മുന്നറിവ് പരിശോധിക്കൽ<br>▶ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>▶ വാചകങ്ങൾ നിർമ്മിക്കൽ<br>▶ ഭാഷാ കളികൾ | 2 months | പുസ്തകങ്ങൾ, വർക്ക്ഷീറ്റുകൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| | | 2.വായനാവസന്തം<br>▶ വായന മത്സരം<br>▶ ക്ലാസ് ലൈബ്രറി<br>▶ സ്കൂൾ ലൈബ്രറി<br>▶ വാട്സാപ്പ് ഗ്രൂപ്പ് (ഇ വായന)<br>▶ വായന കുറിപ്പുകൾ<br>▶ അറബിക് പത്രവായന /റേഡിയോ | 6 months | പത്രങ്ങൾ, മാഗസിനുകൾ, പുസ്തകങ്ങൾ, സ്കൂൾലൈബ്രറി. | BRC<br>LSG<br>SMC<br>PTA<br>OSF |
| | | 3.എഴുത്തുത്സവം<br>▶ എഴുത്തുകൂട്ടം<br>▶ പതിപ്പുകളുടെ നിർമാണം<br>▶ വായന കുറിപ്പ് ശേഖരണം<br>▶ ഇൻലന്റ് മാഗസിൻ<br>▶ ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ<br>▶ ഭാഷാ കളികൾ | 12 months | അസംബ്ലി, ചാർട്ടുകൾ, പത്രങ്ങൾ | PTA<br>BRC<br>DIET |
| | | 4. അറബിക് കമ്മ്യൂണിക്കേഷൻ.<br>▶ ആശയ വിനിമയ വേദി ക്ലാസ്തലം, സ്കൂൾതലം<br>▶ മൊബൈൽ ലിസണിങ്,സ്പീക്കിങ്<br>▶ യാത്രകൾ<br>▶ അറബിക് മേള ( നാടകം ,മോണോ ആക്ട്, പ്രസംഗം, സംഭാഷണം)<br>▶ ഭാഷ കളികൾ അറബിക് അസംബ്ലി<br>▶ ഭാഷാ പ്രദർശനം<br>▶ ഭാഷാ ക്യാമ്പ് | 24 months | ഐ ടി സി, പുസ്തകങ്ങൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| | | 5. ലാംഗ്വേജ് ലാബ്<br>▶ സ്മാർട്ട് ക്ലാസ്റൂം ,<br>▶ അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ<br>▶ ചിത്രീകരണങ്ങൾ<br>▶ സിനിമ<br>▶ ആനിമേഷൻ<br>▶ സോഷ്യൽ മീഡിയ ആക്ടിവിറ്റീസ് | 36 months | | BRC<br>LSG<br>SMC<br>OSF |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| വ്യത്യസ്ത ദിനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക. പ്രതിഭകളെ കണ്ടെത്തുവാനായി മാസത്തിലൊരിക്കൽ അറബിക് ബാലസഭ നടത്തുന്നു. | ജൂൺ മുതൽ മാർച്ചുവരെ | അസംബ്ലി, ചാർട്ടുകൾ |
| ഭാഷാ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | ലാംഗേജ് ലാബ്, സ്മാട്ട് ക്ലാസ്സ് റൂം, ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യ കവിതാ ശേഖരങ്ങൾ, ചിത്രീകരണങ്ങൾ, ആനിമേഷൻ മുതലായവ യുടെ നിർമ്മാണവും ഉപയോഗവും | ജൂൺ മുതൽ | സ്കൂൾ ഇൻറർ നെറ്റ് സൌകര്യം, വെബ്സൈറ്റുകൾ |

# മേഖല യു പി ഉർദു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉർദു ഭാഷയോട് താൽപര്യം ഉണ്ടാക്കുക<br><br>കഥകൾ കവിതകൾ സംഭാഷണങ്ങൾ എന്നിങ്ങനെ പരിചയപ്പെടുന്ന രചനകളോട് പ്രതികരിക്കുക | **ശായിരി കാ മഖാം**<br>കവിത ശേഖരം<br>പതിപ്പ് തയ്യാറാക്കുക<br>കവിത അവതരണം | ജൂൺ<br>ജൂലൈ<br>ആഗസ്ത് | കുട്ടികൾ അധ്യാപിക<br><br>കുട്ടികൾ അധ്യാപിക | അധ്യാപിക |
| സവിശേഷ രചനകൾക്കനുസൃതമായി എഴുതാനും ചിത്രം വരക്കാനും ഉള്ള കഴിവ് നേടുക | **ബനാഓ ജീത്തോ**<br>അനഗ്രാമരാമ<br>നയാ ലഫ്സ് ചാലഞ്ച്<br>ഡിക്ഷണി നിർമ്മാണം | ജൂലൈ<br>ആഗസ്ത് | | അധ്യാപിക |
| സ്വതന്ത്രമായ ആശയ വിനിമയത്തിനുള്ള കഴിവ് ജനാധിപത്യ മതേതര മൂല്യങ്ങൾ ഉയർത്തി പിടിക്കുക<br><br>വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കുക ആസ്വദിക്കുക | ദേശഭക്തിഗാന മത്സരം<br>ദേശീയ നേതാക്കളെ പരിചയപ്പെടൽ | ആഗസ്ത് | കുട്ടികൾ<br>ഉർദു ക്ലബ്<br>അധ്യാപിക | അധ്യാപിക<br><br>അധ്യാപിക |
| എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കൈയ്യെഴുത്ത് ഭാഷാശേഷി നേടുക | ദിനാചരണ പോസ്റ്റർ നിർമ്മാണം<br>കൈയ്യക്ഷര മത്സരം<br>വായനാ വേള<br>വായനാ മത്സരം | ജൂൺ<br>ജൂലൈ<br>ആഗസ്ത് | കുട്ടികൾ<br>അധ്യാപിക | അധ്യാപിക |
| ഉർദുഭാഷയെ കുറിച്ച് സാമാന്യ അവബോധം നേടുക | പുസ്ത പരിചയം<br>**നന്നി സബാനി**<br>കഥ അവതണം<br>ശേഖരണം<br>പൂഛോ ഓർ ജീത്തോ<br>ക്വിസ് മത്സരം<br>മാഗസിൻ നിർമ്മാണം<br>**കദം ബേ കദം-**<br>ഭാഷാശേഷി വികസന പരിപാടി<br>**(വായന എഴുത്ത്)** | ജൂൺ<br>ജൂലൈ<br>ആഗസ്ത് | | അധ്യാപിക |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

**മേഖല – അക്കാദമികം** (UP & HS) **ഉപമേഖല: സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപ-കരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc.. | |

# ACADEMIC MASTER PLAN FOR ENGLISH 2025-2026
# AUP SCHOOL PADINHARATHARA

| Aim | Activities | Month | Responsible Person | Economic Source |
|---|---|---|---|---|
| To encourage <u>Listening&Speaking.</u><br><br>Introduce different genres (fiction,non-fiction,poetry)<br>Enhance vocabulary.<br>Enhance listening skills.<br><br>Encourage reading reading Develop basic reading, writing, listening, and speaking skills.<br><br>Cultivate effective communication skills for various contexts. | Interactive storytelling sessions, discussing themes, characters and plots to enhance listening skills.<br>Group discussions and role-plays to improve speaking skills.<br>Vocabulary games and exercises to build word knowledge.<br>ACTIVITIES FOR SLOW LEARNERS<br>*picture card matching<br>*describe daily routine<br><br>Interactive Reading Circles:<br><br>Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels.<br><br>Each group reads the assigned text together and discusses key elements like plot, characters, and themes.<br><br>Encourage students to take turns reading aloud and share the interpretations and reactions to the text.<br><br>After discussions, each group presents a summary or analysis of their assigned text to the class.<br><br>Guided reading sessions with comprehension questions.<br>Listening comprehension exercises using audio stories. | June<br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br>July | English Teachers | English Club |

| | | | | |
|---|---|---|---|---|
| **To develop <u>Writing Skills</u>**<br>**Introduce grammatical concepts such as parts of speech,tenses, and sentence structure.**<br>**To develop basic Grammar rules. Focus on sentence structure, punctuation, and grammar.**<br><br>**Expand vocabulary through reading and interactive activities.**<br><br>**Introduce different types of writing: narrative, descriptive,persuasive,etc.** | **Debates and presentations for advanced speaking practice.**<br><br>**Expanding vocabulary with context clues from passage.**<br>**ACTIVITIES FOR SLOW LEARNERS**<br>***read sort description ,children draw what they hear and comprehend**<br><br>**Improve sentence structure.**<br><br>**Practice for simple creative writing tasks like descriptive paragraphs, short stories, and simple poetry.**<br><br>**Projects and research assignments for critical thinking.**<br><br>**Focus on developing paragraphs and essays. Teach persuasive writing techniques and argumentation.**<br>**ACTIVITIES FOR SLOW LEARNERS**<br>***writes the simple words from the pictures**<br><br>**Preparing and delivering speeches. Listening and analysing different media sources.**<br>**Interactive grammar games.**<br>**Structured grammar lessons with examples and practice exercises.**<br>**Worksheets on parts of speech, punctuation and sentence types.** | **August-December**<br><br>**January-**<br><br>**February** | **English Teachers** | **English Club** |

| | | | | |
|---|---|---|---|---|
| **Language Games, puzzles and Activities**:<br><br><br><br><br><br><br><br><br><br>**Differentiation and Support**: | **Integrate language games and activities to reinforce vocabulary, grammar, and language skills in an engaging way.**<br><br>**For example,play word association games, or vocabulary brings to practice new words and concepts**.<br><br>**To create their own poems, stories, dictionary etc and present it to the class**.<br><br>**Recognize and accommodate the diverse learning needs of students through differentiated instruction, including accommodations and modifications for specially abled students and gifted learners.**<br><br>**Provide additional support and resources such as small-group instruction, tutoring, peer mentoring, and remedial programs to help struggling students and challenge advanced learners.**<br><br>**Offer opportunities for enrichment and extension activities to extend learning beyond the core curriculum and cater to students' interests and strengths.** | **Through out the year** | **English Teachers** | **English Club** |

| | | | | |
|---|---|---|---|---|
| **Assessment and Feedback**: | **Collaborate with learning support specialists, language teachers, and other support staff to ensure inclusive practices and provide targeted support for students with specific learning needs.**<br><br>**Design arrange of assessment tasks and tools to measure students' language proficiency, comprehension ,and writing skills,i ncluding formative and summative assessments.**<br><br>**Use a variety of assessment methods such as quizzes,tests,essays,presentations,projects, and performance tasks to assess different aspects of language learning.**<br><br>**Provide timely and constructive feedback to students that highlights their strengths, identifies areas for improvement, and suggests strategies for further development.**<br><br>**Involve students in self-assessment and reflection activities to promote ownership of their learning process.**<br><br>**Use assessment data to inform instructional planning, identify learning gaps, and differentiate instruction to meet individual student needs.**<br><br>**Provide resources and tips for parents on how to support their child's literacy** | **Through out the year** | **English Teachers** | **English Club** |

| | | | | |
|---|---|---|---|---|
| Parent Involvement | development at home, including book recommendations,reading strategies,and language enrichment activities.<br><br>Showcase students' and parents' writing through publications,newsletters,or school-wide writing anthologies to celebrate their achievements and foster a culture of writing.<br><br>Encourage parents with expertise in English language teaching, literacy, or language acquisition to share their knowledge and skills with students and teachers.<br><br>Collaborate with parents to create English language learning materials, such as flashcards, games, or resourcepacks, that can be used in the class room or sent home for additional practice. | | English Teacher<br><br>English Teachers&PTA Members & parents | English Club |

# ENGLISH

# അക്കാദമിക് മാസ്റ്റർപ്ലാൻ യു പി സയൻസ്

എ യു പി സ് പടിഞ്ഞാറത്തറ

| മേഖല യു.പി. സയൻസ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ജൈവവൈവിധ്യ പാർക്ക്, പച്ചക്കറിത്തോട്ടം എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | ജൂൺ | സയൻസ് ക്ലബ്ബ് | പി.ടി.എ |
| ആഹാരത്തിലെ പോഷക ഘടകങ്ങളും അവ അടങ്ങിയ ഭക്ഷ്യ വസ്തുക്കളും തിരിച്ചറിയാൻ | ഭക്ഷ്യ ചാർട്ട് നിർമ്മാണം പാചകക്കുറിപ്പ് ആഹാരം-ആരോഗ്യം എന്ന വിഷയത്തിൽ സെമിനാർ | ജൂലൈ | സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| ഭൂമിയിൽ സസ്യജാലങ്ങളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മനസിലാക്കാൻ | വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം കാവുകൾ സന്ദർശനം കണ്ടൽക്കാട് നിരീക്ഷണം | ജൂലൈ | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

# അക്കാദമിക് മാസ്റ്റർപ്ലാൻ യു പി സയൻസ്

എ യു പി സ് പടിഞ്ഞാറത്തറ

| | | | | |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയ ശേഷി വികസിപ്പിക്കുക | **പരീക്ഷണ കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. | ജൂൺ-മാർച്ച് | ശാസ്ത്രാധ്യാപകർ | |
| ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | നവംബർ | സയൻസ് ക്ലബ്ബ് | പി.ടി.എ |
| ശാസ്ത്ര സർഗാത്മഗത വളർത്തുക | സ്കൂൾ ശാസ്ത്ര ലൈബ്രറി ശാസ്ത്ര നാടകങ്ങൾ പരീക്ഷണ കളരികൾ | ജൂലൈ മാർച്ച് | സയൻസ് ക്ലബ്ബ് | പി.ടി.എ |

# അക്കാദമിക് മാസ്റ്റർപ്ലാൻ യു പി സയൻസ്

എ യു പി സ് പടിഞ്ഞാറത്തറ

| | | | | |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു ശാസ്ത്രവുമായി ബന്ധപ്പെട്ട ഷോർട്ട് ഫിലിം പ്രദർശനം പഠനപ്രവർത്തനങ്ങൾക്കായി ഐ സി ടി ഉപയോഗം കാര്യക്ഷമമാക്കുന്നു | ജൂൺ-മാർച്ച് | ശാസ്ത്രാധ്യാപകർ | പി.ടി.എ |
| ശാസ്ത്രരംഗത്തെ ന്യൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായിബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | <u>**വിസ്മയ യാത്ര**</u> I C T യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു, പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരൻമാരുടെ ജീവിത ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ എന്നിവയുടെ വീഡിയോ പ്രദർശനം | ജൂൺ-മാർച്ച് | ശാസ്ത്രാധ്യാപകർ | |
| ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട് ശാസ്ത്രമൂല ഓരോ ക്ലാസിലും നിർമ്മിക്കുന്നു | ജൂൺ-മാർച്ച് | ശാസ്ത്രാധ്യാപകർ | |

# അക്കാദമിക് മാസ്റ്റർപ്ലാൻ യു പി സയൻസ്

എ യു പി സ് പടിഞ്ഞാറത്തറ

| | | | | |
|---|---|---|---|---|
| കുട്ടികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | **മാസ്റ്റർമൈന്റ്** വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്റ്റുകൾ തയ്യാറാക്കി റിപ്പോർട്ട് അവതറിപ്പിക്കാനുള്ള അവസരം നൽകുന്നു | സെപ്തംബർ | ആരോഗ്യ ക്ലബ്ബ് ശാസ്ത്ര ക്ലബ്ബ് | പി ടി എ |
| കുട്ടികളിൽ ശാസ്ത്ര അവബോധം വർധിപ്പിക്കുന്നു | **മുഖാമുഖം** ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു ശാസ്ത്ര ശിൽപശാലകൾ സംഘടിപ്പിക്കുന്നു | ജൂൺ-മാർച്ച് | സയൻസ് ക്ലബ്ബ് | പി.ടി.എ |

| മേഖല: യു.പി സോഷ്യൽ സയൻസ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| സാമൂഹ്യ ശാസ്ത്രത്തിലെ അടിസ്ഥാനതല അറിവുകൾ ,ആശയങ്ങൾ, ഇവ പരിശോധിക്കൽ ,നേടിയെടുക്കൽ | അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമുഹികശാസ്ത്രവുമയി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നത് പ്രഹേളികൾ ഓരോ പഠിതാവിനു നൽകുന്നു | ജൂൺ | സാമൂഹികശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രബോധമുള്ളവരാക്കി മാറ്റുക | ICT സാധ്യതകളും മറ്റു അനുബന്ധപ്രവർത്തനങ്ങളി-ലൂടെയും ഓരോ മാസങ്ങളിലും വ്യത്യസ്തമായ ചരിത്ര ചരിത്രപ്രധാന്യമുള്ള സ്ഥലങ്ങളെ പരിചയപ്പെടുത്തുക [പാഠഭാഗങ്ങൾക്കനുസരിച്ച് ] | അക്കാദമിക വർഷം | സാമൂഹികശാസ്ത്ര അധ്യാപകർ | |
| വിവരം വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗവും, റോഡ് സുരക്ഷയെ കുറിച്ചും, സൈബർ കുറ്റകൃത്യങ്ങളെ കുറിച്ചും, ബോധവാന്മാരാക്കുക | <u>ചിലന്തി വലയിൽ നിന്നു കുതിച്ചുചാട്ടം</u> സൈബർ സുരക്ഷാ ഉദ്യോഗസ്ഥർ കുട്ടികൾക്ക് റോഡ് സുരക്ഷ , സൈബർ കുറ്റകൃത്യം. . എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സ് | ജൂൺ | സോഷ്യൽ സയൻസ് ക്ലബ്,സാമൂഹികശാസ്ത്ര അധ്യാപകർ | |
| സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | <u>നൻമയുടെ നുറുങ്ങുവട്ടം</u> പ്രകൃതി ദുരന്തം സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ, കിടപ്പു രോഗികൾ , എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു.<br><br>മിതവ്യയശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ നൽകി അവർക്ക് ആശ്വാസഹസ്തമാവുന്നു | അക്കാദമിക വർഷം | സാമൂഹികശാസ്ത്ര അധ്യാപകർ | പി ടി എ |

Downloaded from: https://textbooksall.blogspot.com/

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

Downloaded from: https://textbooksall.blogspot.com/

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്** ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം** ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

| മേഖല യുപി ഹിന്ദി എ. യു. പി. സ്കൂൾ പടിഞ്ഞാറത്തറ | | | | |
|---|---|---|---|---|
| Sl.No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| 1. | **5 6 7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ** ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ച എടുക്കുക | പുതിയ പദങ്ങൾ പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്തു പഠിപ്പിക്കും ചിത്രങ്ങൾ അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |
| 2. | **ഹിന്ദി വായന**: തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും | നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ചു വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിൻറെ സിഡി താഴെ ഹിന്ദി വാക്യമുള്ളവ കാണിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |
| 3. | **ഹിന്ദി സംസാരം**: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസ്സിൽ കൊണ്ടുവരുന്നു<br><br>വായനക്ക് ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും Readery fight മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസ് ഇല്ലാതെ കൂടുതൽ വരി വായിക്കണം ആ കുട്ടിക്ക് സമ്മാനം നൽകുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |

| മേഖല യുപി ഹിന്ദി എ. യു. പി. സ്കൂൾ പടിഞ്ഞാറത്തറ | | | | |
|---|---|---|---|---|
| Sl.No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| 1. | **5 6 7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ** ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ച എടുക്കുക | പുതിയ പദങ്ങൾ പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്തു പഠിപ്പിക്കും ചിത്രങ്ങൾ അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |
| 2. | **ഹിന്ദി വായന**: തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും | നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ചു വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിൻറെ സിഡി താഴെ ഹിന്ദി വാക്യമുള്ളവ കാണിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |
| 3. | **ഹിന്ദി സംസാരം**: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസ്സിൽ കൊണ്ടുവരുന്നു<br><br>വായനക്ക് ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും Readery fight മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസ് ഇല്ലാതെ കൂടുതൽ വരി വായിക്കണം ആ കുട്ടിക്ക് സമ്മാനം നൽകുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |